₹ 5/-

# റിയൽ ലൈഫ് വോയ്സ്

# R E A L  L I F E  V O I C E

Monthly

Volume 10
Issue 8

**February 2022**

pages 24

"ത്വക്കും മാംസവും നീ എന്നെ ധരിപ്പിച്ചു; അസ്ഥിയും ഞരമ്പുംകൊണ്ട് എന്നെ മടഞ്ഞിരിക്കുന്നു. ജീവനും കൃപയും നീ എനിക്കു നൽകി; നിന്റെ കടാക്ഷം എന്റെ ശ്വാസത്തെ പരിപാലിക്കുന്നു"

**(ഇയ്യോബ് 10:11,12)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

**Volume 10   Issue 8   February 2022   pages 24   Rs.5/-**



**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.



**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരി സംഖ്യയോ സംഭാവനയോ Google Pay/PhonePe ചെയ്യുകയോ, ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യാം.

**ദയവായി മണിഓർഡർ അയയ്ക്കരുത്**

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394



**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**



**Book No. 122**


## ഉള്ളടക്കം


| | പേജ് |
|---|---|
| • **അടിച്ചുപിരിയുന്ന...** | 3 |
| • **പ്രതികരണങ്ങൾ** | 6 |
| • **തൃശ്ശൂരിലെ താരപ്പേട്ടൻ** (18) | 7 |
| • **സദുപയോഗവും ദുരുപയോഗവും** (4) | 10 |
| • **പുതിയനിയമത്തിലൂടെ....**(26) | 12 |
| • **ഖുർആൻ** (4) | 15 |
| • **ചോദ്യവും ഉത്തരവും** (27) | 20 |
| • **കൊച്ചുണ്ണിയുടെ ബൈബിൾവായന**(19) | 21 |
| • **... ദുരന്തക്കാഴ്ചകൾ** (60) | 23 |
| • **പാലം കടക്കുവോളം....** | 24 |


**ഈ മാസികയുടെ ലക്ഷ്യം:**
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# അടിച്ചു പിരിയുന്ന ദാമ്പത്യബന്ധങ്ങൾ!

വിശ്വാസികളുടെ കല്യാണം വന്നാൽ, എന്തൊക്കെയാണ് കാട്ടിക്കൂട്ടേണ്ടതെന്നു ഒരു നിശ്ചയവും ഇല്ലാതെ 'കഷ്ടപ്പെടുന്ന' ദൈവമക്കളെയാണ് പലയിടത്തും കാണുന്നത്. സ്റ്റേജിൽ എന്തൊക്കെ ഡെക്കറേഷൻ വേണമെന്നു ചിന്തിച്ചു പരക്കം പായുന്നവർ; ഏതെല്ലാം ശുശ്രൂഷ നടത്തി പരമാവധി നേരം സ്റ്റേജിൽ വിളങ്ങിശോഭിക്കാം എന്നു ചിന്തിക്കുന്ന സഭാശുശ്രൂഷകന്മാർ; സദ്യയിൽ എത്രത്തോളം ധാരാളിത്തവും ധൂർത്തും കൂടി പ്രകടിപ്പിക്കാം എന്നു ചിന്തിക്കുന്നവർ; വരനേയും വധുവിനേയും വെറും നടനും നടിയുമായി കണ്ട് അവരെക്കൊണ്ട് 'കോൾഡുസീനുകൾ' മുതൽ 'ഹോട്ടുസീനുകൾ' വരെ ചിത്രീകരിക്കുന്ന ഫോട്ടോഗ്രാഫർമാർ; തങ്ങളുടെ വസ്ത്രധാരണത്തെക്കുറിച്ചു ചിന്തിച്ചു വിഷമിക്കുന്നവർ....

പലരുടേയും ആത്മികനിലവാരം തകർന്നുപോകുന്ന ഒരു കാര്യമായി കല്യാണങ്ങൾ അധഃപതിച്ചിരിക്കുന്നു. പണത്തിന്റെ കൊഴുപ്പും പത്രാസും കാണിക്കുന്നതിനുള്ള ഒരു വേദിയായി ദൈവമക്കൾ കല്യാണങ്ങളെ കാണുന്നതുകൊണ്ട്, പല വിവാഹങ്ങളും കൊണ്ട് ദൈവനാമം മഹത്വപ്പെടുന്നില്ലെന്നു മാത്രമല്ല, അവഹേളിക്കപ്പെടുകയും ചെയ്യുന്നു. ഈയിടെ കണ്ട വിവാഹത്തിൽ, വിവാഹനിശ്ചയരേഖ വായിച്ചത് പാസ്റ്ററുടെ മോളാണ്! സ്റ്റേജ് നിറയെ ദൈവദാസന്മാർ ഉണ്ടായിരുന്നു. എന്നിട്ടും!

**ശുശ്രൂഷകന്മാരുടെ പ്രകടനം - ദൈവത്തേക്കാളധികം മഹത്വം**

ഒന്നോ ഒന്നരയോ മണിക്കൂറിനുള്ളിൽ ഭംഗിയായും ഉചിതമായും നടത്താവുന്ന വിവാഹശുശ്രൂഷകൾ രണ്ടരയോ മൂന്നോ മണിക്കൂറുകളിലേക്ക് നീട്ടി അത്രയും നേരം സ്റ്റേജിൽ സ്റ്റാറായി തിളങ്ങാനുള്ള ശുശ്രൂഷകന്മാരുടെ അത്യാഗ്രഹം ആദ്യമേ തകർക്കേണ്ടിയിരിക്കുന്നു. പ്രത്യേകമായ വേഷഭൂഷാദികളോടെ സ്റ്റേജിൽ പ്രത്യക്ഷപ്പെടുന്ന ശുശ്രൂഷകന്മാർ പലരും പലപ്പോഴും വരന്റെ വേഷത്തെവരെ കവച്ചുവയ്ക്കാറുണ്ട്. ലാളിത്യവും മിതത്വവും വെടിഞ്ഞ്, അഹങ്കാരത്തിന്റെ കൂമ്പാരങ്ങളായി ഓരോരുത്തരും തരംതാഴുന്നത് കാണുമ്പോൾ പലപ്പോഴും ദുഃഖം തോന്നാറുണ്ട്.

പല വിവാഹബന്ധങ്ങളും തകരുന്നതിന്റെ വാർത്തകൾ നാം കേൾക്കാറുണ്ട്. ഇതിൽ വിശ്വാസികളുടെ കുടുംബജീവിതവും ഉണ്ട്. ഭാര്യയും ഭർത്താവും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചുള്ള ബൈബിൾക്ലാസ്സ്, ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപിരിക്കരുത് എന്നു മൂന്നുവട്ടം പറയൽ... ഇതൊക്കെയുണ്ടായിട്ടും ദൈവജനത്തിന്റെ മദ്ധ്യേയുള്ള ദാമ്പത്യബന്ധങ്ങളും പൊട്ടിത്തകരുന്നത് എന്തുകൊണ്ട് എന്നു നാം ഗൗരവത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു. ദൈവനാമത്തെ അവഹേളിച്ചുകൊണ്ടാണ് പല വിവാഹങ്ങളും അരങ്ങേറുന്നത്. വിവാഹത്തോടുള്ള ബന്ധത്തിൽ ദൈവനാമം എങ്ങനെയെല്ലാം അവഹേളിക്കപ്പെടുന്നു എന്നു നാം ചിന്തിക്കുക.

### മന്ത്രകോടിയുടെ മറ്റൊരു രൂപം – അനുകരണം

അന്യരുടെ കയ്യിൽനിന്നും കോപ്പിയടിച്ച ചില ആചാരങ്ങൾ ദൈവജനത്തിന്റെ മദ്ധ്യേയുള്ളത് ഉപേക്ഷിക്കാൻ നാം തയ്യാറാവണം. മന്ത്രകോടി എന്ന പേരിൽ ഒരു സാരി വധുവിന്റെ കൈത്തണ്ടയിൽ തൂക്കിയിടുകയും അതിനെ പിന്നീട് പള്ളീലെ അച്ചൻ വെഞ്ചെരിക്കുകയും ചെയ്യുന്ന ഒരു ചടങ്ങ് പല പട്ടത്വസഭകളിലുമുണ്ട്. വിവാഹദിവസം വിവാഹത്തിനുശേഷം ഈ മന്ത്രകോടി ചെറുക്കന്റെ വീട്ടുകാർ ഉടുപ്പിക്കുകയും അതുടുത്തുകൊണ്ട് അവൾ സദസ്സിനിടയിലേക്ക് വരികയും ചെയ്യുന്നു.

പട്ടത്വസഭകളിൽനിന്നും വേർതിരിഞ്ഞു വന്ന ദൈവജനം അതേ ചടങ്ങ് മറ്റൊരു രീതിയിൽ നടത്തുന്നത് കാണുമ്പോൾ എന്നെപ്പോലെയുള്ള ആളുകൾക്ക് വല്ലാത്ത അസ്വസ്ഥത അനുഭവപ്പെടാറുണ്ട്. വിവാഹവും വിവാഹവേദിയിലെ ഫോട്ടോയെടുക്കലും കഴിഞ്ഞാൽ വധുവിനെ വരന്റെ പെങ്ങളോ മറ്റോ കൊണ്ടുപോയി സാരി മാറ്റി ഉടുപ്പിക്കുന്ന ചടങ്ങാണത്. മന്ത്രകോടി എന്ന പേര് ഉപയോഗിക്കുന്നില്ലെന്നേയുള്ളൂ. ഫലത്തിൽ അത് മന്ത്രകോടിയുടെ അനുകരണം തന്നെയാണ്.

### മൂടുപടം ധരിക്കാതെ വധു – ദൈവികപ്രമാണലംഘനം

മൂടുപടം സംബന്ധിച്ച് ദൈവവചനത്തിൽ കാണുന്ന പ്രമാണം വിവാഹദിവസം വധു അനുസരിക്കുന്നതായി കാണാറില്ല. പകരം ബ്യൂട്ടീഷന്റെ പ്രമാണവും, വീഡിയോക്കാരുടെ പ്രമാണവും ആണ് അനുസരിക്കുന്നത്. മൂടുപടം ശരിയായ രീതിയിൽ തലയിൽ ധരിച്ചാൽ മുഖം വ്യക്തമാകയില്ലെന്നും മുഖത്തിട്ട മെയ്ക്കപ്പ് വെറുതെയാകുമെന്നും ബ്യൂട്ടീഷൻ; മുഖം കൃത്യമായി കിട്ടണമെന്ന് വീഡിയോക്കാരൻ. ഈ രണ്ടു കൂട്ടരുടെയും പ്രമാണങ്ങൾക്കു മുന്നിൽ ദൈവവചനം ദുർബലമാകുന്നു. തലയുടെ ഉച്ചിയിലാണ് വധു മൂടുപടം ഇടുന്നത്. തലയുടെ ഏതാണ്ട് മുക്കാൽഭാഗവും മൂടുപടമില്ലാതെ ഇരിക്കുന്നു. ദൈവവചനത്തിന്റെ നഗ്നമായ ലംഘനമാണിത്.

**നടനും നടിയും – അഭിനയത്തോടെ തുടക്കം**

വിവാഹദിവസവും തുടർന്നുള്ള ചില ദിവസങ്ങളിലും വീഡിയോക്കാരുടെ നേതൃത്വത്തിൽ അരങ്ങേറുന്ന ലൗസീൻ ചിത്രീകരണം പോലുള്ള കാര്യങ്ങൾ നിർത്തിവയ്ക്കുവാൻ ദൈവജനം തയ്യാറാവണം. മറ്റുള്ളവരുടെ മുമ്പിൽ അഭിനയിച്ചുകാണിക്കാനുള്ളതല്ല വിവാഹജീവിതം. ഈ അഭിനയം വിവാഹജീവിതത്തിന്റെ മൂല്യത്തെത്തന്നെ ഇടിച്ചുകളയുന്നു. ലൗസീൻ ചിത്രീകരണം പലപ്പോഴും സിനിമയിലെ ലൗസീൻ ചിത്രീകരണത്തോടു കിടപിടിക്കുന്നതായിപ്പോകാറുണ്ട്. ദൈവവചനത്തിന്റെ അതിർത്തികൾ ലംഘിച്ചു നടത്തപ്പെടുന്ന ഇത്തരം ലൗസീൻ ചിത്രീകരണം കാണുമ്പോൾ "പോത്തിന്റെ കടിയും മാറും, കാക്കയുടെ വിശപ്പും മാറും" എന്ന പഴഞ്ചൊല്ലാണ് എനിക്കോർമ്മ വരാറുള്ളത്.

വിവാഹജീവിതം അഭിനയമല്ല, അത് ജീവിച്ചുകാണിക്കാനുള്ളതാണ്. ലൗസീനുകൾ മറ്റുള്ളവരെ കാണിക്കാനുള്ളതല്ല. അതു ഭാര്യാഭർത്താക്കന്മാർക്കു മാത്രമുള്ളതാണ്. പക്ഷേ അഭിനയത്തോടെയുള്ള ഈ തുടക്കം വിവാഹജീവിതത്തിന്റെ മാറ്റു കുറയ്ക്കുന്നു. ചില നാളുകൾക്കുള്ളിൽ യഥാർത്ഥ ജീവിതവുമായി പൊരുത്തപ്പെടാൻ കഴിയാതെ അവർ വേർപിരിയുകയും ചെയ്യുന്നു.

**ചുരുക്കത്തിൽ...**

തുടക്കത്തിൽത്തന്നെ പല നിലകളിൽ ദൈവനാമം ദുഷിക്കപ്പെട്ടുകൊണ്ടാണ് പല വിവാഹജീവിതങ്ങളും ആരംഭിക്കുന്നത്. പലർക്കും ഷൈൻ ചെയ്യാനുള്ള അവസരം, ദൈവികപ്രമാണങ്ങളുടെ ലംഘനം, വീഡിയോക്കാരുടെ ഭരണം, മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയുള്ള ഇതര പ്രഹസനങ്ങൾ, അവിശ്വാസികളിൽനിന്നും കടമെടുത്ത ആചാരങ്ങൾ എന്നിങ്ങനെ ആത്മികതയുടേയും ലാളിത്യത്തിന്റേയും എല്ലാ വിധ അതിർത്തികളും ലംഘിച്ചു നടത്തപ്പെടുന്ന വിവാഹങ്ങളിൽ ദൈവികകൃപ വ്യാപരിക്കുന്നത് എങ്ങനെ?

കുഞ്ഞാടിന്റെ കല്യാണത്തിന്റെ നിഴലാണ് ഈ കല്യാണം എന്നു പല തവണ പറയും; അതേസമയം അവിശ്വാസികളിൽനിന്നും കോപ്പിയടിച്ച ചടങ്ങുകളാൽ അതിനെ വികൃതമാക്കുകയും ചെയ്യും. ദൈവവചനത്തിനാണ് ഒന്നാം സ്ഥാനം കൊടുക്കേണ്ടത് എന്നു പറയും; പക്ഷേ അവിശ്വാസികളായ ബന്ധുക്കളുടെയും വീഡിയോക്കാരുടെയും വാക്കുകൾക്കാണ് പലയിടത്തും ഒന്നാംസ്ഥാനം. ദൈവജനമേ, തീരുമാനമെടുക്കുക. വിവാഹം, കർത്താവിന്റെയും സഭയുടേയും സമാഗമത്തിന്റെ നിഴലായതുകൊണ്ട്, ആ നിലയിൽ ഉചിതമായി അതു നടത്തുക.

**(എംവിഎസ്)**

# പ്രതികരണങ്ങൾ

നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം
ഫോൺ: 95 44 557 557

## Gladson C J, VishwaVani, Kozhikod

മാസിക മുടങ്ങാതെ കൃത്യമായി ലഭിക്കുന്നുണ്ട്. വളരെ ഈടുറ്റ ലേഖനങ്ങളും പംക്തികളുമാണ് ഓരോ ലക്കങ്ങളിലും ലഭിക്കുന്നത്. ചെറിയ പുസ്തകമാണെങ്കിലും മികച്ച ഉള്ളടക്കമാണ് മാസികയിലുള്ളത്. ഓരോ തവണത്തെയും എഡിറ്റോറിയൽ ആനുകാലികവും ഗംഭീരവുമാണ്. നന്ദി. മാസികാപ്രവർത്തനത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

## Pr. Baby John, Punalur, Kollam

മസാലദോശയുടെ കൂടെ കൊണ്ടുവരുന്ന വട ഞാനും കഴിക്കാറില്ല. അതു സംബന്ധിച്ച് എഴുതിയത് നന്നായിരിന്നു. ബാങ്കുകൾ പലപ്പോഴും കസ്റ്റമേഴ്സിനെ ബുദ്ധിമുട്ടിക്കുന്നുണ്ട്. സീറോ ബാലൻസ് എന്നു പറഞ്ഞ് അക്കൗണ്ട് തുടങ്ങിച്ച്, പിന്നീട് 500 ഉം 2000 ഉം ആയി അത് ഉയർത്തി സാധാരണക്കാരെ പ്രയാസപ്പെടുത്തുന്നു. മാസികയിലെ ലേഖനങ്ങളെല്ലാം എനിക്കിഷ്ടമാണെങ്കിലും, ഏറ്റവുമധികം ഞാൻ ഇഷ്ടപ്പെടുന്നത് എഡിറ്റോറിയലാണ്.

## Antony Varghese, Sakthikulangara, Kollam

ഖുർആൻ സംബന്ധിച്ച് മാസികയിൽ പ്രസിദ്ധീകരിക്കുന്നത് കാണുമ്പോൾ എനിക്കു ഭയം തോന്നുന്നു. ആരെങ്കിലും പ്രശ്നമുണ്ടാക്കുമോ എന്നൊരു ഭയം.

## George John, Pezhumpara, Pathanamthitta

ഞാനൊരു പെന്തെക്കോസ്തുവിശ്വാസിയാണ്. മാസികയുടെ ഒരു കോപ്പി യാദൃശ്ചികമായാണ് എനിക്കു കിട്ടിയത്. അതിനെത്തുടർന്ന് ഞാൻ ഇതിന്റെ വരിക്കാരനായി മാറി. ആത്മികലോകത്തിൽ അത്ഭുതങ്ങളും മറ്റും ചെയ്ത് ശുശ്രൂഷകന്മാർ കോടീശ്വരന്മാരാകുന്നതിനെ ഞാൻ അനുകൂലിക്കുന്നില്ല. ജനുവരിമാസത്തിലെ *ഒന്നരക്കോടി* എന്ന എഡിറ്റോറിയൽ നന്നായിരുന്നു. ഇത്തരം കാര്യങ്ങളെക്കുറിച്ച് എഴുതുമ്പോൾ വിമർശനത്തിന്റെ മുന ഒന്നുംകൂടി കൂട്ടണം എന്നാണ് എന്റെ അഭിപ്രായം.

# തൃശ്ശൂരിലെ താരപ്പേട്ടൻ

## അഥവാ, സി.വി.താരപ്പൻ

**-എംവിഎസ്-**

18

> **സി.വി.താരപ്പൻ (1886–1958):**
> **'കാഹളനാദം കേൾക്കാറായ് കുഞ്ഞാട്ടിൻ കാന്തേ' എന്ന ഗാനമുൾപ്പെടെ 300-ഓളം ഗാനങ്ങൾ എഴുതിയ ഭക്തകവി; മലയാളത്തിലെ ആദ്യത്തെ സഭാചരിത്രം എഴുതിയ വ്യക്തി (1926); വെളിപ്പാടുപുസ്തകവ്യാഖ്യാനമുൾപ്പെടെ 17 പുസ്തകങ്ങൾ രചിച്ച എഴുത്തുകാരൻ; മഹാകവി കെ. വി. സൈമണുമായി സജീവ സൗഹൃദം; മികച്ച അപ്പോളജിസ്റ്റ്...**

### ക്രിസ്തീയസഭാചരിത്രം

സി. വി. താരപ്പൻസഹോദരൻ 17 പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. അതിൽ പലതും തീരെ ചെറിയ പുസ്തകങ്ങളാണ്. പേജുകൾ അധികം ഇല്ലാത്ത കൊച്ചുപുസ്തകങ്ങൾ. കൂടുതൽ പേജുകൾ ഉള്ള പുസ്തകങ്ങൾ തയ്യാറാക്കി, അതു പ്രിന്റു ചെയ്തു പ്രസിദ്ധീകരിക്കുന്നതിനുള്ള സാമ്പത്തികസ്ഥിതി ഇല്ലാത്തതുകൊണ്ടായിരിക്കാം അദ്ദേഹത്തിന്റെ പുസ്തകങ്ങളെല്ലാം തീരെ ചെറിയതായി മാറിയത്. വെളിപ്പാടിന്റെ വ്യാഖ്യാനത്തിനു പോലും ആകെ 34 പേജുകൾ മാത്രമാണുള്ളത്.

### താരപ്പന്റെ മാസ്റ്റർപീസ്

താരപ്പൻ എഴുതിയ പുസ്തകങ്ങളിൽ അദ്ദേഹത്തിന്റെ മാസ്റ്റർപീസ് എന്നു വിശേഷിപ്പിക്കാവുന്നത് *ക്രിസ്തീയസഭാചരിത്രം* ആണ്. അദ്ദേഹം എഴുതിയ ഏറ്റവും വലിയ പുസ്തകം! 231 പേജുകൾ അതിലുണ്ട്. 1926 ലാണ് ഇത് ആദ്യമായി പ്രസിദ്ധീകരിച്ചത്. മലയാളത്തിലെ ആദ്യത്തെ സഭാചരിത്രമാണ് ഇത്. ഈ പുസ്തകത്തിന്റെ കോപ്പികളെല്ലാം പെട്ടെന്നു തീർന്നുപോയെങ്കിലും രണ്ടാം പതിപ്പ് ഇറക്കുവാൻ കഴിയാതെപോയി. സാമ്പത്തികപ്രയാസങ്ങൾ തന്നെ കാരണം. താരപ്പൻസഹോദരന്റെ മരണാനന്തരം 18 വർഷങ്ങൾക്കുശേഷം 1976 ലാണ് ഇതിന് രണ്ടാംപതിപ്പ് ഉണ്ടായത്. താരപ്പേട്ടന്റെ കൂടെ അവസാനം വരെ നിന്ന ശ്രീ. കെ.ഒ. ചേറു ആണ് രണ്ടാംപതിപ്പ് പ്രസിദ്ധീകരിച്ചത്.

### പുസ്തകത്തിലെ പ്രസ്താവന

ഈ പുസ്തകത്തിൽ താരപ്പൻസഹോദരൻ എഴുതിയിരിക്കുന്ന പ്രസ്താവന അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക്തന്നെ വെളിച്ചം വീശുന്നതാണ്:

വിദ്യാഭ്യാസത്താലും പരിഷ്കാരത്താലും ഉന്നതിയെ പ്രാപിച്ചിരിക്കുന്ന ജനസമുദായത്തിന്റെയും, പുസ്തകരചനയിൽ നൈപുണ്യം സിദ്ധിച്ചവരായ ഗ്രന്ഥകർത്താക്കന്മാരുടേയും, മുമ്പാകെ പാണ്ഡിത്യത്തിന്റെ മണംപോലും തട്ടീട്ടില്ലാത്ത എന്റെ ഈ ചെറുപുസ്തകത്തെക്കൊണ്ട് രംഗപ്രവേശം ചെയ്യിക്കുന്നത് ഏതു വിധേനയും അനാശാസ്യമായിരിക്കുവാനേ തരമുള്ളുവല്ലോ. എന്നു മാത്രമല്ല, എന്റെ ക്രിസ്തീയസേവനത്തിനു പ്രതിഫലമായി മനുഷ്യരിൽനിന്നു പൊങ്ങുന്ന പ്രതികൂലക്കാറ്റുകളാൽ അടിച്ചോടിക്കപ്പെടുന്ന അസൂയക്കാറുകളിൽനിന്നു അനുദിനം വർഷിച്ചുകൊണ്ടിരിക്കുന്ന ശകാരവർഷങ്ങളെ സസന്തോഷം സ്വീകരിച്ച് പരിചയമുള്ള എനിക്ക്, ഈ മഹൽഗ്രന്ഥത്തെ ഇങ്ങനെ ഒരു പ്രാകൃതരൂപത്തിൽ പുറത്തുകൊണ്ടുവന്നതിൻഫലമായി മാന്യവായനക്കാരുടെ എത്ര കഠോരമായ ശകാരങ്ങളേൽക്കുന്നതിനും യാതൊരു വിഷമതയും തോന്നുന്നില്ല.

അദ്ദേഹത്തിന്റെ വിദ്യാഭ്യാസമില്ലായ്മ, എളിയജീവിതം, മറ്റുള്ളവരിൽനിന്നും സഹിക്കേണ്ടിവന്നിട്ടുള്ള പരിഹാസങ്ങളും ബുദ്ധിമുട്ടുകളും ഇവയെക്കുറിച്ചെല്ലാം അദ്ദേഹം ഇവിടെ സൂചിപ്പിക്കുന്നുണ്ട്.

## പുസ്തകത്തിലെ മുഖവുര

ഈ പുസ്തകത്തിന്റെ മുഖവുരയിൽ അദ്ദേഹം സഭയെക്കുറിച്ച് വളരെ ആവേശത്തോടുകൂടി എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്:

ദൈവം സഭയെ തന്റെ ബലമുള്ള ഭുജത്തിൻകീഴിൽ സൂക്ഷിച്ചിരുന്നതിനാൽ ആയിരുന്നു, നീറോ മുതൽ ജൂലിയൻവരെയുള്ള ദുഷ്ടരാജാക്കന്മാരാലുണ്ടായ കഠോര പീഢനങ്ങളാലും പാപ്പാമതത്തിൽനിന്നു സഭയ്ക്കു നേരിട്ട പ്രതികൂലശക്തികളാലും അതു നാമാവശേഷമായിപ്പോകാനിട വരാഞ്ഞത്.

സഭ എന്നത് ആദാമ്യസന്തതികളായ മൺപൊടിയിൽനിന്നു ദൈവത്തിന്റെ തൃക്കൈകളാൽ രൂപീകരിക്കപ്പെട്ട ‘പ്രത്യേക ശരീരവും’, ഭൂലോകത്തിൽ ലയിച്ചു പോകാതെ ദൈവത്തോടുകൂടെ നടന്നു നിത്യതയിലേക്കു കടന്നുപോകുന്ന ഒരു ‘വേർപെട്ട സംഘവും’, ഭൂലോകത്തിന്മേൽ പ്രവഹിച്ചു കിടക്കുന്ന ജലപ്രളയത്തിൻമീതെ യാനം ചെയ്യുന്ന ‘രക്ഷയിൻ പെട്ടകവും’, മരുഭൂമിയിൽക്കൂടെ സ്വർഗ്ഗീയ കനാനിലേക്കു യാത്ര ചെയ്തുകൊണ്ടിരിക്കുന്ന ‘ദിവ്യ കൂടാരവും’, ഭൂലോകത്തിൻ മദ്ധ്യേ ദൈവത്തിനു ബലി കഴിപ്പാൻ വേർതിരിക്കപ്പെട്ട ‘ശുദ്ധദൈവാലയവും’, നിത്യതയിൽ തന്റെ മണ

വാളനോടൊന്നിച്ചുള്ള സന്തോഷത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന 'നിഷ്കളങ്ക മണവാട്ടിയും' ആണ് എന്നു വിശിഷ്യാ പറയണമെന്നില്ലല്ലോ.

### പേർപ്പത്തുവാ

ഈ സഭാചരിത്രത്തിൽ ഒന്നാം നൂറ്റാണ്ട്, രണ്ടാം നൂറ്റാണ്ട്, ....ഇരുപതാം നൂറ്റാണ്ട് എന്നിങ്ങനെ അദ്ധ്യായങ്ങൾ തരംതിരിച്ചിട്ടുണ്ട്. ആകെ 20 അദ്ധ്യായങ്ങൾ. ഓരോ അദ്ധ്യായത്തിലും ഓരോ നൂറ്റാണ്ടിലെ വിശേഷങ്ങൾ പങ്കുവച്ചിരിക്കുന്നു. ഇതിൽ മൂന്നാമത്തെ അദ്ധ്യായത്തിൽ, മൂന്നാം നൂറ്റാണ്ടിലെ രക്തസാക്ഷികളെക്കുറിച്ചു വിശദീകരിക്കവെ പേർപ്പത്തുവാ എന്ന സ്ത്രീയുടെ കാര്യം പറഞ്ഞിട്ടുണ്ട്. അതിൽ ചില ഭാഗം മാത്രം ഇവിടെ കൊടുക്കാം:

> ഇവൾ ഉയർന്ന കുലത്തിൽ പെട്ടവളും ഇരുപത്തിരണ്ടു വയസ്സു പ്രായമുള്ള ഒരു ബാല്യക്കാരിയും ആയിരുന്നു. അവൾക്കു ഒരു ചെറിയ കുട്ടി മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവളുടെ അപ്പൻ പുറജാതിക്കാരനായതുകൊണ്ട് മകൾ കിടന്നിരുന്ന കാരാഗൃഹത്തിന്നടുക്കൽ കൂടക്കൂടെ പോയി അവളോടു, ക്രിസ്തീയമാർഗ്ഗത്തെ വിട്ടുകളക എന്നു പറഞ്ഞുകൊണ്ടിരിക്കുക പതിവായിരുന്നു. അങ്ങനെ ഇരിക്കെ ഒരു ദിവസം അവൾ അപ്പനോടു: എന്റെ പ്രിയ അപ്പാ, ഇവിടെ ഒരു വെള്ളംപാത്രം ഇരിക്കുന്നു. ഇതിനു ഞാൻ വെള്ളം പാത്രം എന്നു പറകയോ, മറ്റു വല്ല പേരും പറകയോ ഏതാണ് ഉത്തമം എന്നു ചോദിച്ചതിനു അപ്പൻ വെള്ളംപാത്രം എന്നു തന്നെ പറയണം എന്നു പറഞ്ഞു. അങ്ങനെയിരിക്കെ ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നവളാകയാൽ എനിക്കു ക്രിസ്തുവിൽ വിശ്വാസം ഇല്ല എന്നു പറയുന്നതെങ്ങനെ? എന്നു ചോദിച്ചു....
>
> ...ഒടുവിൽ അവളെയും മറ്റു ക്രിസ്ത്യാനികളേയും രംഗസ്ഥലത്തേക്കു കൊണ്ടുപോയി. പുരുഷന്മാരെ കരടികൾക്കിട്ടുകൊടുത്തു. അവർ തമ്മിൽ തമ്മിൽ പ്രബോധിപ്പിച്ചും ചുംബിച്ചുംകൊണ്ട് മരിച്ചു. സ്ത്രീകളെ വലയിലിട്ടു കെട്ടി കാട്ടുകാളകൾക്കിട്ടുകൊടുത്തു. അവ അവരെ മുട്ടിയുരുട്ടി ചതയ്ക്കുന്നതിനെ അനേകായിരങ്ങൾ ഒരു വിനോദക്കാഴ്ച പോലെ കണ്ടുകൊണ്ടിരുന്നു. പേർപ്പത്തുവാ മുഖപ്രസന്നതയോടും ഹൃദയസന്തോഷത്തോടുംകൂടെ മറ്റുള്ള സ്ത്രീകൾക്കു ആശ്വാസം പറഞ്ഞുകൊടുത്ത് ആനന്ദത്തോടെ പരലോകം പ്രാപിച്ചു.

**(തുടരും)**

**മൊബൈൽഫോൺ, കമ്പ്യൂട്ടർ**

# സദുപയോഗവും ദുരുപയോഗവും

**പ്രൊഫ. ടി. ജോൺ മാത്യു**

4

## വിപുലീകരണവും ഹ്രസ്വീകരണവും

ഒരു വിദ്യാർത്ഥി ചരിത്രം പഠിച്ചാലും ഭൂമിശാസ്ത്രം പഠിച്ചാലും ജ്യോതിശാസ്ത്രം പഠിച്ചാലും ഫിസിക്സ് പഠിച്ചാലും കെമിസ്ട്രി പഠിച്ചാലും സാഹിത്യം പഠിച്ചാലും വാഹനങ്ങൾ ഓടിക്കാൻ പഠിച്ചാലും എന്തു ചെയ്താലും അവന്റെ മാനസികലോകത്തിന്റെ വിപുലീകരണമാണ് സാധാരണഗതിയിൽ സംഭവിക്കുന്നത്. എന്നാൽ, നാം മനസ്സിലാക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യം, ചില പ്രത്യേക കാരണങ്ങളാൽ ഒരാളിന്റെ മാനസികലോകത്തിന്റെ വിപുലീകരണത്തിനു പകരം ചുരുങ്ങിപ്പോകൽ സംഭവിക്കുക സാധ്യമാണെന്നാണ്.

ഒരു ഉദാഹരണം പറയാം. മൊബൈൽഫോൺ പോക്കറ്റിലിട്ടുകൊണ്ട് ഒരാൾ റോഡിന്റെ വലതുവശം ചേർന്നു നടന്നുകൊണ്ടിരിക്കുന്നു എന്നു വിചാരിക്കുക. അയാൾ ഒരു അദ്ധ്യാപകനാണെന്നും വിചാരിക്കുക. സാധാരണ സമയങ്ങളിലെല്ലാംതന്നെ അയാളുടെ മാനസികലോകത്തിന്റെ മുൻപന്തിയിൽ സ്കൂളിലെ വിദ്യാർത്ഥികളുടെ കാര്യങ്ങളും സഹാദ്ധ്യാപകരുടെ കാര്യങ്ങളും സ്വന്തം കുടുംബകാര്യങ്ങളുമൊക്കെ നിറഞ്ഞുനിൽക്കും. എന്നാൽ അനേകം ആളുകൾ നടന്നുകൊണ്ടിരിക്കുകയും വാഹനങ്ങൾ ഓടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു റോഡിലൂടെ അദ്ദേഹം നടന്നുകൊണ്ടിരിക്കുമ്പോൾ സ്കൂളുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം അയാളുടെ മാനസിക ലോകത്തിൽ ഹ്രസ്വീകരിക്കപ്പെട്ട (അവയുടെ വ്യാപ്തി കുറഞ്ഞുപോയിരിക്കുന്ന) അവസ്ഥയിലാണ് ഇരിക്കുക. കാരണം താൻ നടന്നുകൊണ്ടിരിക്കുന്ന റോഡിലെ കാര്യങ്ങൾക്ക് ആ സമയത്ത് തന്റെ മാനസികലോകത്തിൽ വലിയ സ്ഥാനം കൊടുക്കേണ്ടത് ആവശ്യമായി വരുന്നു.

എന്നാൽ റോഡിലൂടെ മുമ്പോട്ടു നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ ഒരു സാധനം തനിക്കു വാങ്ങാനുണ്ടെന്ന കാര്യം ഓർമ്മ വരികയും ആ സാധനം റോഡിന്റെ എതിർവശത്തുള്ള കടയിൽ കാണുകയും ചെയ്യുന്നു എന്നു വിചാരിക്കുക. അപ്പോൾ റോഡ് കുറുകെ കടന്നു ആ കടയിലേക്ക് പോകേണ്ട ആവശ്യം തോന്നുന്നു. ആ സമയത്ത് പോക്കറ്റിലുള്ള മൊബൈൽ

ഫോൺ റിംഗ് ചെയ്യുകയും അതെടുത്ത് അദ്ദേഹം ഹലോ പറയുകയും ചെയ്യുന്നു എന്നും ചിന്തിക്കുക. അപ്പോൾ തന്നോടു സംസാരിക്കുന്ന സുഹൃത്തിന്റെ മുഖരൂപവും അയാളെ സംബന്ധിക്കുന്ന മറ്റു കാര്യങ്ങളും എല്ലാം കൂടി അയാളുടെ മാനസികലോകത്തിന്റെ മുൻപന്തിയിലേക്ക് കടന്നുകയറുന്നു. അപ്പോൾ താൻ കുറുകെ നടക്കാൻ തുടങ്ങിയിരുന്ന റോഡിന്റെ മദ്ധ്യത്തിലൂടെ ദൂരത്തുനിന്നു വന്നുകൊണ്ടിരിക്കാനിടയുള്ള വാഹനത്തിന്റെ കാര്യം തന്റെ മാനസികലോകത്തിൽ വളരെയധികം ഹ്രസ്വീകരിക്കപ്പെടുകയോ പൂർണ്ണമായിത്തന്നെ ഇല്ലാതായിപ്പോകുകയോ ചെയ്യുന്നു.

ഇതിന്റെ ഫലം എന്തായിരിക്കും? ഇടത്തോട്ടും വലത്തോട്ടും നോക്കേണ്ട പോലെ നോക്കാതെ അയാൾ റോഡ് കുറുകെ കടക്കുന്നു. ഇതിന്റെ ഫലമെന്താണ്? അപകടസാദ്ധ്യതയല്ലേ? നമ്മുടെ മാനസികലോകത്തിൽ ഓരോരോ കാര്യത്തിനും ഉണ്ടായിരിക്കേണ്ട സ്ഥാനങ്ങളുടെ വ്യാപ്തി ഹ്രസ്വീകരിക്കപ്പെടുന്നത്, അഥവാ ചുരുങ്ങിപ്പോകാൻ ഇടവരുന്നത് വളരെ ദോഷകരമായ സംഗതിയാണെന്നാണ് നാം കണ്ടെത്തുന്നത്.

ഒരാളിന്റെ മാനസികലോകം ചില പ്രത്യേക സാഹചര്യങ്ങളിൽ മൊത്തമായിത്തന്നെ ഹ്രസ്വീകരിക്കപ്പെട്ടു പോകയോ അല്ലെങ്കിൽ പൂർണ്ണമായി ഇല്ലാതായിപ്പോവുകയോ ചെയ്യാൻ സാധ്യമാണ്. ഒരാളിനു ബോധക്ഷയമുണ്ടായി അയാൾ താഴെ വീണ് അബോധാവസ്ഥയിൽ ആയിപ്പോയാൽ ആ സമയം മുഴുവനും അയാളുടെ മാനസികലോകം പൂർണ്ണമായി ഇല്ലാതായിപ്പോയ അവസ്ഥയാണ് ഉണ്ടാവുക. കഠിനമായ പനി ബാധിച്ച് ആശുപത്രിക്കിടക്കയിൽ തളർന്ന അവസ്ഥയിൽ കിടക്കുന്നതിനിടയായാൽ പനിയും തളർച്ചയും മാറിക്കഴിയന്നതുവരെ അയാളുടെ മാനസികലോകത്തിലെ സകല കാര്യങ്ങളും വളരെയധികം ഹ്രസ്വീകരിക്കപ്പെട്ടുപോയ അവസ്ഥയിൽ ഇരിക്കും.

നമ്മുടെ മാനസികലോകം ഹ്രസ്വീകരിക്കപ്പെട്ടാൽ നാം ചെയ്യേണ്ട കാര്യങ്ങൾ നാം ചെയ്യുന്നതിനു നാം അപ്രാപ്തരായിത്തീരുകയോ അതിനു മനസ്സില്ലാത്തവരായിത്തീരുകയോ ചെയ്യും. അതിനാൽ യാതൊരു കാരണവശാലും മാനസികലോകത്തിന്റെ ഹ്രസ്വീകരണം അഥവാ ചുരുങ്ങിപ്പോകൽ ഒട്ടും നല്ല കാര്യമല്ല. അത് വളരെ ദോഷകരമാണ്. അനേകം ആളുകളുടെ കാര്യത്തിൽ അവരുടെ മാനസികലോകം വികാസം പ്രാപിച്ചുകൊണ്ടിരിക്കേണ്ടതിനു പകരം ഹ്രസ്വീകരിക്കപ്പെട്ടുപോയി, അതിന്റെ ദോഷഫലങ്ങൾ അവർ അനുഭവിക്കേണ്ടിവരുന്നു എന്നത് ഒരു ദുഃഖസത്യമാണ്. ഇതിന്റെ ഗൗരവം എത്രയാണെന്നും ഇതെങ്ങനെ ഒഴിവാക്കാൻ കഴിയുമെന്നും അടുത്ത അദ്ധ്യായത്തിൽ വിവരിക്കുന്നു. **(തുടരും)**

# പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...

26

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

## മൂന്നാം ഭാഗം: മൃഗങ്ങൾ

**10. കാള** (തുടർച്ച)

വേദപുസ്തകത്തിൽ കാളയെ കാണുന്ന ഭാഗങ്ങളിൽനിന്നും മൂന്നു ആശയങ്ങൾ നാം കഴിഞ്ഞ ലക്കത്തിൽ ചിന്തിച്ചതാണല്ലോ. (1) കപടഭക്തി ഉപേക്ഷിക്കണം, (2) വേലക്കാരെ സഹായിക്കണം, (3) ഒഴികഴിവുകൾ ഒഴിവാക്കണം എന്നിവയാണവ. ബാക്കി ചില കാര്യങ്ങൾ കൂടി നമുക്കു ചിന്തിക്കാം.

**(4) സഭയിൽ കച്ചവടക്കാരനാകരുത്**

"ദൈവാലയത്തിൽ കാള ...എന്നിവയെ വിൽക്കുന്നവരെയും ... കണ്ടിട്ട് കയറു കൊണ്ട് ഒരു ചമ്മട്ടി ഉണ്ടാക്കി.... എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാല ആക്കരുത് എന്നു പറഞ്ഞു" (യോഹന്നാൻ 2:14-16). ദൈവാലയത്തെ ചിലർ ചേർന്ന് ചന്തയാക്കി മാറ്റിയ കാഴ്ചയാണ് നാം ഇവിടെ കാണുന്നത്. ദൈവാലയം ദൈവത്തെ ആരാധിക്കാനുള്ളതാണ്. പക്ഷേ അവിടെയും ചില ബിസിനസ്മൈൻഡ് ഉള്ള 'ഭക്തന്മാർ' തങ്ങളുടെ കച്ചവട നൈപുണ്യം പ്രകടിപ്പിക്കാൻ ധൈര്യപ്പെട്ടു! എല്ലാം കച്ചവടക്കണ്ണോടെ മാത്രം നോക്കുന്നവർ!

കച്ചവടക്കണ്ണോടെ ആരും ദൈവത്തിന്റെ സഭയിൽ വരരുതേ. നിങ്ങൾ ഒരു പക്ഷേ നെറ്റ് മാർക്കറ്റിംഗിന്റെ ആളാകാം; അല്ലെങ്കിൽ നിങ്ങൾ ഇൻഷുറൻസ് ഏജന്റ് ആകാം; അതുമല്ലെങ്കിൽ നിങ്ങൾ ഏതെങ്കിലും പത്രത്തിനുവേണ്ടി പരസ്യങ്ങൾ ശേഖരിക്കുന്ന ഏജന്റാകാം; നിങ്ങളൊരു സൂപ്പർമാർക്കറ്റ് നടത്തുന്നുണ്ടാകാം... പക്ഷേ ശ്രദ്ധിക്കുക: നിങ്ങളുടെ തൊഴിലിന്റെ അഭിവൃദ്ധിക്കുവേണ്ടി ആളുകളെ ക്യാൻവാസ് ചെയ്യുന്നതിന്റെ ഭാഗമായി ദയവായി സഭായോഗങ്ങൾക്ക് വരാതിരിക്കൂ. സഭായോഗം ആരാധിക്കാനുള്ളതാണ്; ആത്മികാഭിവൃദ്ധിക്കുള്ളതാണ്. അല്ലാതെ നിങ്ങളുടെ കച്ചവടത്തിന്റെ പുരോഗതിക്കുള്ള കുറുക്കുവഴിയല്ല.

സഭായോഗവും നിങ്ങളുടെ കച്ചവടവും തമ്മിൽ യാതൊരു കാരണവശാലും ബന്ധിപ്പിക്കരുത്. ബിസിനസ്സ് വേറെ, സഭ വേറെ. ബിസിനസ്സിന്റെ പുരോഗതിക്കുവേണ്ടി സഭ മാറുന്നവർ വരെ നമ്മുടെ നാട്ടിലുണ്ടത്രേ! സഭായോഗം കഴിഞ്ഞാൽ ബിസിനസ്സ്കാര്യങ്ങൾ ചർച്ച ചെയ്യുന്നവരുണ്ടത്രേ! ബിസിനസ്സുകാരായ വിശ്വാസികൾ സഭയിൽ സജീവമാകണം; ബിസിനസ്സിലും സജീവമാകണം. പക്ഷേ സഭയിൽ ബിസിനസ്സ്മനസ്സ് പാടില്ല. കർത്താവ് പറയുന്നത് ശ്രദ്ധിക്കൂ: "എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാല ആക്കരുത്". ഒരു ഇംഗ്ലീഷ് ബൈബിൾ (Bible in Basic English) ഇപ്രകാരം തർജ്ജമ ചെയ്തിരിക്കുന്നു: "Do not make my Father's house a market." (എന്റെ അപ്പന്റെ വീട് ഒരു ചന്തയാക്കരുത്)

### (5) അന്ധവിശ്വാസം ഉപേക്ഷിക്കുക

"പട്ടണത്തിന്റെ മുമ്പിലുള്ള ഇന്ദ്രക്ഷേത്രത്തിലെ പുരോഹിതൻ കാളകളെയും പൂമാലകളെയും ഗോപുരത്തിങ്കൽ കൊണ്ടുവന്നു പുരുഷാരത്തോടുകൂടെ യാഗം കഴിപ്പാൻ ഭാവിച്ചു." (അപ്പൊ.പ്രവൃ. 14:13). അമ്മയുടെ ഗർഭം മുതൽ മുടന്തനായ ഒരുവന് അത്ഭുതസൗഖ്യം കിട്ടിയതാണ് സന്ദർഭം. അതിനു കാരണക്കാരായ ബർന്നബാസിനെയും പൗലൊസിനെയും ജനം ആദരവോടെ നോക്കി. അവർ ദേവന്മാരാണെന്നു തെറ്റിദ്ധരിച്ച് യാഗം കഴിക്കാനായി കാളകളെ കൊണ്ടുവന്നു. അന്ധവിശ്വാസികളായ ആ കൂട്ടത്തെ വളരെ പ്രയാസപ്പെട്ടാണ് പൗലൊസും ബർന്നബാസും തടഞ്ഞത്.

"ഞങ്ങൾ നിങ്ങളോട് സമസ്വഭാവമുള്ള മനുഷ്യരാണ്" എന്നു പറഞ്ഞാണ് പൗലൊസും ബർന്നബാസും അവരെ തടഞ്ഞത് (14:15). നമ്മുടെ നാട്ടിലെ സ്ഥിതി നോക്കൂ: നമുക്കു സമസ്വഭാവമുള്ള എത്രയോ മനുഷ്യർ ആരാധിക്കപ്പെടുന്നു! മനുഷ്യദൈവങ്ങൾ! പനി വരുന്ന ദൈവങ്ങൾ! പൈൽസിന്റെ അസുഖമുള്ള ദൈവങ്ങൾ! അതു പോകട്ടെ. നമുക്ക് ഇക്കാര്യം വിടാം; കാരണം ഇതെല്ലാം അവിശ്വാസികളുടെ മധ്യത്തിൽ നടക്കുന്ന കാര്യമാണല്ലോ. നമുക്ക് ദൈവമക്കളുടെ അന്ധവിശ്വാസങ്ങളെക്കുറിച്ചു ചിന്തിക്കാം.

ദൈവമക്കളുടെ ഇടയിൽ അന്ധവിശ്വാസങ്ങൾക്ക് യാതൊരു കുറവുമില്ല എന്നോർക്കുക. വീട് പണിയുന്നതിന് നല്ല സമയം നോക്കുന്നവർ, കണ്ണു പറ്റാതിരിക്കാനായി കരിങ്കാലിയെ വയ്ക്കുന്നവർ, ആശാരിയെക്കൊണ്ട് 'നോക്കിക്കുന്നവർ', ചൊവ്വ, വെള്ളി എന്നീ ദിവസങ്ങളിൽ കല്യാണം, ഓപ്പറേഷൻ എന്നിവ നടത്തരുത് എന്നു പറയുന്നവർ, കല്യാണച്ചെറുക്കനെ വഹിച്ചുകൊണ്ട് പോകുന്ന കാറ് യാതൊരു കാരണവശാലും പുറകോട്ട് എടുക്കരുത് എന്നു ചിന്തിക്കുന്നവർ, കണ്ണു പറ്റാതിരിക്കാനായി കല്യാണപ്പെണ്ണ് ബ്ലൗസിന്റെ ഉള്ളിൽ പാണനെല വയ്ക്കണം എന്നു ഉപദേശിക്കുന്നവർ...

ദൈവമക്കളുടെ പോക്ക് എത്ര ഗുരുതരമാണെന്നു നോക്കൂ. ദൈവമക്കൾ എല്ലാവിധ അന്ധവിശ്വാസങ്ങളും ഉപേക്ഷിക്കണം. ബൈബിളിലില്ലാത്തതും ശാസ്ത്രീയമായി തെളിയിക്കപ്പെടാത്തതുമായ എല്ലാ വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളാണ് എന്നു നാം തിരിച്ചറിയുക. അന്ധവിശ്വാസികളാണ് നമുക്കു ചുറ്റുമുള്ള പലരും. അവരുമായുള്ള സംസർഗ്ഗത്തിൽനിന്നും അവരുടെ അന്ധവിശ്വാസങ്ങൾ നമ്മിലേക്ക് പകരാൻ ഇടവരാതെ നാം ശ്രദ്ധിക്കേണ്ടതുണ്ട്.

**(6) ശുദ്ധിയുള്ളവരാകുക**

“ആട്ടുകൊറ്റന്മാരുടെയും കാളകളുടെയും രക്തവും മലിനപ്പെട്ടവരുടെമേൽ തളിക്കുന്ന പശുഭസ്മവും ജഡികശുദ്ധി വരുത്തുന്നു എങ്കിൽ...” (എബ്രായർ 9:13). നിരവധി കാളകൾ മനുഷ്യന്റെ ശുദ്ധിക്കുവേണ്ടി യാഗമായി അർപ്പിക്കപ്പെട്ടിട്ടുണ്ട്. കാൽവരിയിലെ കർത്താവിന്റെ ക്രൂശുമരണമെന്ന യാഗത്തിന്റെ നിഴലായി അവയെല്ലാം എണ്ണപ്പെട്ടു. ഓരോ കാളയുടെ രക്തം ചിന്തുമ്പോഴും മനുഷ്യന് ശുദ്ധി വന്നതായി അക്കാലങ്ങളിൽ ഗണിച്ചുപോന്നു. മനുഷ്യനിൽ അശുദ്ധി എന്നും ഉള്ളതുകൊണ്ട് എല്ലാ ദിവസവും കാളകൾ അറുക്കപ്പെട്ടുപോന്നു. വിളിച്ചുപറയാൻ അവസരമുണ്ടെങ്കിൽ, ചോര ചിന്തി ചാകുന്ന ഓരോ കാളയും ഇപ്രകാരം വിളിച്ചു പറഞ്ഞേനേ: മനുഷ്യാ നീ ശുദ്ധനാകൂ. നീ ശുദ്ധനായിരുന്നുവെങ്കിൽ എനിക്കീ ഗതി വരില്ലായിരുന്നു.

അക്രമവും അശുദ്ധിയും നിറഞ്ഞ ഈ ലോകത്തിൽ വിശുദ്ധിയോടെ ജീവിക്കാൻ വിളിക്കപ്പെട്ടവരാണ് ദൈവജനം. മിക്കവരും ഇക്കാര്യം മറന്നുപോകുന്നു. വിശുദ്ധർ, നീതിമാന്മാർ എന്നൊക്കെയാണ് വിശുദ്ധ ബൈബിൾ നമ്മെ വിളിക്കുന്നത്. ആ വിളിയെ തുച്ഛീകരിക്കും വിധമുള്ള പെരുമാറ്റം നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകാതിരിക്കാൻ നമുക്ക് സൂക്ഷ്മത പുലർത്താം. നമുക്ക് ദൈവത്തോടു അതിനായി പ്രാർത്ഥിക്കാം.

**(തുടരും)**

**നമ്മുടെ വാട്സാപ് ഗ്രൂപ്പിൽ അംഗമാകൂ**

**എല്ലാ മാസവും മാസിക മുടങ്ങാതെ വാട്സാപ്പിൽ വായിക്കാം**

**നമ്മുടെ വെബ്സൈറ്റ് സന്ദർശിക്കൂ**

**www.reallifevoice.in**

4

-എംവിഎസ്-

# ഖുർആൻ:

## ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ

*(2012 ജൂൺമാസം മുതൽ തുടർച്ചയായി നാലു ലക്കങ്ങളിൽ റിയൽ ലൈഫ് വോയ്സിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ പുനഃപ്രസിദ്ധീകരണമാണിത് - ചില വായനക്കാരുടെ അഭ്യർത്ഥനപ്രകാരമാണ് ഇത് ഇവിടെ വീണ്ടും പ്രസിദ്ധീകരിക്കുന്നത്)*

**"ഖുർആനിന്റെ പ്രാമാണികത", "നിങ്ങൾ ഈ ഗ്രന്ഥം വായി ച്ചുവോ?" എന്നീ രണ്ടു ചെറുപുസ്തകങ്ങളുടെ ഖണ്ഡനമാണ് ഈ ലേഖനം. മേൽപ്പറഞ്ഞ രണ്ടു പുസ്തകങ്ങളും Niche of Truth, Vyttila, Cochin-19 പ്രസിദ്ധീകരിച്ചതാണ്.**

### അവകാശവാദം നാല്

### ഖുർആനിനു തുല്യമായ ഒരു രചന കൊണ്ടുവരാൻ ഖുർആൻ വെല്ലുവിളിച്ചിരിക്കുന്നു

"അതു മാനവരാശിയോട് അത്യുജ്ജലമായ ഒരു വെല്ലുവിളി നടത്തുന്നു. അതിനു സമാന്തരമായ ഒരു രചന നിർവഹിക്കുവാനാണ് പ്രസ്തുത വെല്ലുവിളി. 'നമ്മുടെ ദാസന് നാം അവതരിപ്പിച്ചു കൊടുത്തതിനെപ്പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ **അതിന്റേതുപോലുള്ള ഒരു അദ്ധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക... നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയില്ല.**' (2:23,24)... ഖുർആനിലെ ഏറ്റവും ചെറിയ അദ്ധ്യായത്തിനു തുല്യമായ ഒരു രചന പോലും കൊണ്ടുവരാൻ കഴിയില്ലെന്നാണ് വെല്ലുവിളി" (*ഖുർആനിന്റെ പ്രാമാണികത*, പേജ് 30,31)

"ഖുർആനിലെ ചെറിയൊരു അദ്ധ്യായത്തിനു തുല്യമായ ഒരു അദ്ധ്യായം കൊണ്ടുവന്ന് അതിന്റെ വെല്ലുവിളിക്ക് മറുപടി നൽകാൻ അന്നത്തെ സാഹിത്യത്തമ്പുരാക്കന്മാർക്കൊന്നും കഴിഞ്ഞിട്ടില്ല. **ഇന്നും ആ വെല്ലുവിളി നിലനിൽക്കുന്നു...** ത്രികാലജ്ഞാനിയ തമ്പുരാനു മാത്രമേ ഖുർആനിനു തുല്യമായ ഒരു രചന അവതരിപ്പിക്കാൻ കഴിയൂവെന്നു നാം മനസ്സിലാക്കുന്നു" (*നിങ്ങൾ ഈ ഗ്രന്ഥം വായിച്ചുവോ?*, പേജ് 16,17)

## മറുപടി

### I മുൻവേദങ്ങൾ

ലോകത്ത് ഒരാൾക്കും ഖുർആനിനു തുല്യമായ രചന കാണിക്കാനൊക്കില്ലെന്നും, അതുപോലെ ഒരു അദ്ധ്യായം എഴുതി തയ്യാറാക്കാൻ കഴിയില്ലെന്നുമുള്ള ഈ അവകാശവാദം – ഇത്രയും വലിയ പമ്പര വിഡ്ഢിത്തം – കേൾക്കുമ്പോൾ, സുബോധമുള്ള, നിഷ്പക്ഷമായി കാര്യങ്ങൾ മനസ്സിലാക്കുന്ന, ഏതൊരാളും തീർച്ചയായും മൂക്കത്തു വിരൽ വച്ചുപോകും! "ഇന്നും ആ വെല്ലുവിളി നിലനിൽക്കുന്നു" എന്നു എഴുതിയത് കണ്ടപ്പോൾ സഹതാപമാണ് ഇവരോട് തോന്നിയത്. ഇന്നും ആ വെല്ലുവിളിക്ക് ആരും മറുപടി പറഞ്ഞില്ല. കാരണം ആ വെല്ലുവിളിയെ ആരും തെല്ലും ഗൗനിച്ചില്ല. ആ വെല്ലുവിളിക്ക് പുല്ലിന്റെ വില പോലും ആരും കൊടുത്തുമില്ല. എങ്കിലും ഞാൻ അതിനു മറുപടി പറയുകയാണ്.

മുൻവേദങ്ങളുടെ കാര്യം മറന്നുകൊണ്ടാണോ ഖുർആനിന്റെ ഈ വെല്ലുവിളി? മുൻവേദങ്ങളെക്കുറിച്ച് ഖുർആൻ പറയുന്നത് ഇപ്രകാരമാണ്: "(നബിയേ), നൂഹിനും (അതായത് നോഹ) **അദ്ദേഹത്തിനു ശേഷമുള്ള പ്രവാചകന്മാർക്കും നാം സന്ദേശം നൽകിയതുപോലെത്തന്നെ** നിനക്കും നാം സന്ദേശം നൽകിയിരിക്കുന്നു. ഇബ്രാഹിം, ഇസഹാഖ്, യഅഖൂബ്...ഈസാ (യേശു), സുലൈമാൻ (സോളമൻ) എന്നിവർക്കും നാം സന്ദേശം നൽകിയിരിക്കുന്നു" (ഖുർആൻ 4: 163).

മുമ്പ് പലർക്കും സന്ദേശം കൊടുത്തതുപോലെ മുഹമ്മദിനും സന്ദേശം കൊടുക്കുന്നു എന്നു മാത്രമാണ് പറഞ്ഞിട്ടുള്ളത്. "മൂസായോട് (മോശെയോട്) അല്ലാഹു നേരിട്ടു സംസാരിക്കുകയും ചെയ്തു" എന്നു 4:164 ലും കാണുന്നു. അപ്പോൾ ഖുർആൻ എന്നത് 'ആദ്യത്തെ ഒരു സംഭവം' ഒന്നുമല്ല. അതിനു മുമ്പ് ഇതേ അല്ലാഹു വേറെ പലർക്കും സന്ദേശം കൊടുത്തിട്ടുണ്ട്. ഖുർആൻ എന്നത്, "അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവയ്ക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രേ" എന്നാണ് 5:48 ൽ എഴുതിവച്ചിരിക്കുന്നത്.

അതായത്, ഖുർആനെപ്പറ്റി ഖുർആൻ തന്നെ വെളിപ്പെടുത്തുന്നത്, അല്ലാഹു അവതരിപ്പിച്ച ഒരു സെറ്റ് സന്ദേശങ്ങളിൽ ഒന്നു മാത്രമാണ് അത് എന്നാണ്. എന്നിട്ടും അല്ലാഹു അവതരിപ്പിച്ചു എന്നു പറയുന്ന മറ്റു വേദഗ്രന്ഥങ്ങളിലൊന്നും ഇതിനു തുല്യമായ രചന കാണിക്കുക എന്ന വീരവാദം അഥവാ വെല്ലുവിളി കാണുന്നില്ല. ഖുർആനിൽ മാത്രം കാണുന്ന ഈ വീരവാദത്തിന്റെ പുറകിലെ ആത്മാർത്ഥത അതുകൊണ്ടുതന്നെ സംശയിക്കേണ്ടിയിരിക്കുന്നു.

ഖുർആനിന്റേതിനു തുല്യമായ ഒരു രചന കാണിക്കാനൊക്കില്ലെന്നു പറയുമ്പോൾ, അതിലൂടെ ഖുർആൻ നിന്ദിക്കുന്നത് മുൻവേദങ്ങളെയാണ്; മുൻവേദങ്ങൾ അവതരിപ്പിച്ചു എന്നു പറയുന്ന അല്ലാഹുവിനെത്തന്നെയാണ്. ഇങ്ങനെയൊരു ഗുരുതരമായ പ്രശ്നം ഖുർആനിനു ഉള്ളതുകൊണ്ട്, ഖുർആൻ ഒരിക്കലും അല്ലാഹുവിൽ നിന്നാകാൻ തരമില്ല. ആയിരുന്നുവെങ്കിൽ, അല്ലാഹു മുമ്പെ അവതരിപ്പിച്ച വേദങ്ങളെ അല്ലാഹു തന്നെ നിന്ദിച്ചു പറയില്ലല്ലോ.

ഇനി, മുൻവേദങ്ങളൊക്കെ തിരുത്തിയെഴുതിയിട്ടുണ്ട് എന്നാണ് വാദിക്കുന്നതെങ്കിൽ, അവ മൊത്തമായി തിരുത്തിയിട്ടുണ്ട് എന്ന് ആരും പറയുമെന്നു തോന്നുന്നില്ല. അവയിൽ ചില ഭാഗങ്ങൾ തിരുത്തി എന്നു മാത്രമേ, അഥവാ മാനുഷികമായ കൈകടത്തലുകൾ അതിലുണ്ട് എന്നു മാത്രമേ മുസ്ലീങ്ങൾ വാദിച്ചു കേട്ടിട്ടുള്ളൂ. അങ്ങനെയെങ്കിൽ തിരുത്തൽ വരാത്ത ഭാഗങ്ങൾ അവയിലുണ്ട് എന്നാണല്ലോ അതിൽനിന്നും നാം മനസ്സിലാക്കേണ്ടത്. ഇപ്രകാരമുള്ള ഭാഗങ്ങൾ ഖുർആന്റെ രചനയ്ക്കു തുല്യമായി പരിഗണിക്കാൻ സാധിക്കയില്ലേ? പറ്റില്ല എന്നാണ് ഖുർആൻ പറയുന്നത്. മുൻവേദങ്ങളെ ഇപ്രകാരം തുച്ഛീകരിക്കുന്ന ഖുർആനെ എങ്ങനെ നാം വിശ്വസിക്കും?

“നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമ്മമാർഗ്ഗവും നാം നിശ്ചയിച്ചുതന്നിരിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു” എന്നും ഖുർആൻ 5:48 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നും മനസ്സിലാകുന്നത് എന്താണ്? വെവ്വേറെ സമുദായങ്ങളായി മനുഷ്യവർഗ്ഗം നിലനിന്നാൽ മതി എന്നു അല്ലാഹു ആഗ്രഹിക്കുന്നുവെന്നും ഓരോ വിഭാഗത്തിനും വെവ്വേറെ വേദഗ്രന്ഥങ്ങൾ കൊടുത്തു എന്നുമല്ലേ?

യെഹൂദന് തൗറാത്ത്, ക്രിസ്ത്യാനിക്ക് ഇഞ്ചീൽ, മുസ്ലീമിന് ഖുർആൻ... ഇങ്ങനെയാണ് ഖുർആനിൽ നാം വായിക്കുന്നത്. ഇവയെല്ലാം അവതരിപ്പിച്ചത് അല്ലാഹുവായിരിക്കെ, മുഹമ്മദിന് കൊടുത്തു എന്നു മുഹമ്മദ് അവകാശപ്പെടുന്ന ഖുർആനിൽ മാത്രം ഇങ്ങനെയൊരു വെല്ലുവിളി കടന്നുകൂടിയത് വളരെ മോശമായിപ്പോയി എന്നേ നമുക്കു ചിന്തിക്കാനൊക്കൂ.

മറ്റു വേദഗ്രന്ഥങ്ങൾ ‘ഗ്രേഡ്’ കുറഞ്ഞ രീതിയിൽ അവതരിപ്പിച്ച അല്ലാഹു ഖുർആൻ മാത്രം ഗ്രേഡ് കൂടിയ നിലയിൽ അവതരിപ്പിച്ചു എന്നു വാദിച്ചാലും രക്ഷയില്ല. മറ്റുള്ളവ കുറഞ്ഞ നിലയിലും ഖുർആൻ കൂടിയ നിലയിലും അവതരിപ്പിച്ചതിനു ഒരു ന്യായീകരണം നാം ഒരിടത്തും കാണുന്നില്ല. ഓരോ സമുദായത്തിനു വെവ്വേറെ വേദഗ്രന്ഥങ്ങൾ കൊടുത്ത അല്ലാഹു ഇരട്ടത്താപ്പു കാണിച്ചു എന്നു വരാൻ പാടില്ല. ഒരു സാഹിത്യകാരൻ എഴുതുന്ന

എല്ലാ രചനകൾക്കും ഒരേ നിലവാരമാകണമെന്നില്ല. ചിലപ്പോൾ നിലവാരം കൂടിയും മറ്റു ചിലതിൽ നിലവാരം കുറഞ്ഞും വരാം. കാരണം അയാൾ വെറുമൊരു മനുഷ്യനാണ്. എന്നാൽ അല്ലാഹു അങ്ങനെയല്ലല്ലോ.

### II വെല്ലുവിളി ആർക്കും നടത്താം

ഖുർആനിൽ കാണുന്ന പോലുള്ള വെല്ലുവിളി ആർക്കു വേണമെങ്കിലും നടത്താം. വില്യം ഷേക്സ്പിയറിനു, "ഞാൻ എഴുതുന്നതുപോലുള്ള രചന വേറെ കാണിക്കാമോ" എന്നു വെല്ലുവിളിക്കാമായിരുന്നു. പക്ഷേ അദ്ദേഹം അങ്ങനെ ചെയ്തില്ല. "റിയൽ ലൈഫ് വോയ്സിനു തുല്യമായ മറ്റൊരു മാസിക കാണിച്ചുതരാമോ" എന്നു എനിക്ക് വേണമെങ്കിൽ വെല്ലുവിളിക്കാം. അഹങ്കാരവും അറിവില്ലായ്മയും ഉള്ള ഏതു വിഡ്ഢിക്കും വളരെ ഈസിയായി ചെയ്യാവുന്ന കാര്യമാണ് ഇത്തരം വെല്ലുവിളി.

### III ഒന്നല്ല, ഒരായിരം രചനകൾ കാണിക്കാം

ഖുർആൻ ആദ്യമേ ഒന്നു വായിച്ചുനോക്കുന്നത് നല്ലതാണ്. അതിന്റെ നിലവാരം മനസ്സിലാക്കാൻ അപ്പോൾ ബുദ്ധിമുട്ടുണ്ടാവില്ല. വായനക്കാർക്കു പെട്ടെന്നു മനസ്സിലാക്കാനായി ഒരു വാക്യം ഇവിടെ ചൂണ്ടിക്കാണിക്കാം. ഖുർആൻ വാഗ്ദാനം ചെയ്യുന്ന സ്വർഗ്ഗത്തിൽ ഉള്ള ഒരു 'അനുഗ്രഹം' നോക്കൂ. "തുടുത്ത മാർവിടമുള്ള സമപ്രായക്കാരായ തരുണികളും നിറഞ്ഞ പാനപാത്രങ്ങളും" എന്നാണ് ഖുർആൻ 78:33,34 ൽ കാണുന്നത്. "അത് നിന്റെ രക്ഷിതാവിൽ നിന്നുള്ള ഒരു പ്രതിഫലവും കണക്കൊത്ത ഒരു സമ്മാനവുമാകുന്നു" എന്നു തുടർന്നു പറയുന്നു (78:36). ഖുർആൻ അനുസരിച്ചു ജീവിക്കുന്നവർക്കുള്ള സമ്മാനം കണ്ടില്ലേ? (ഇതു പുരുഷന്മാർക്കുള്ള സമ്മാനമാണ്. സ്ത്രീകൾക്കുള്ളത് രേഖപ്പെടുത്താഞ്ഞത് ഭാഗ്യം!)

ഇതുപോലെയുള്ള വാചകങ്ങൾ ബൈബിളിലുമുണ്ട് എന്നാണ് മുസ്ലീം സുഹൃത്തുക്കൾ വാദിക്കാൻ വരുന്നതെങ്കിൽ കാര്യങ്ങൾ വളരെ എളുപ്പമായി. ബൈബിളിലും ഇത്തരം വാചകങ്ങൾ ഉണ്ടെങ്കിൽ ഖുർആനിന്റെ വെല്ലുവിളി വെറുതെയായി എന്നു വരും.

ഖുർആന്റെ രചനയ്ക്കു തുല്യമായി ഒന്നല്ല ഒരായിരം രചനകൾ ഉണ്ട്. വിശ്വസാഹിത്യത്തിലെ ധാരാളം രചനകൾ, ബൈബിൾ, ഭഗവത്ഗീത എന്നു തുടങ്ങി നിരവധി പുസ്തകങ്ങളെ കവച്ചുവയ്ക്കാൻ മാത്രം ഖുർആനിൽ പ്രത്യേകിച്ച് യാതൊരു അത്ഭുതവും ഉള്ളടക്കം ചെയ്തിട്ടില്ല.

### IV ഖുർആനിലെ ഒരു ചെറിയ അദ്ധ്യായം

"അതിന്റേതു പോലുള്ള ഒരു അദ്ധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക... നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴികയില്ല" എന്നാണല്ലോ വെല്ലു

വിളി. സൗകര്യത്തിനുവേണ്ടി ഖുർആനിലെ ചെറിയൊരു അദ്ധ്യായം താഴെ കൊടുക്കുന്നു. വെറും മൂന്നു വാക്യങ്ങൾ മാത്രമുള്ള 108-ാം അദ്ധ്യായമാണത്.

> തീർച്ചയായും നിനക്ക് നാം ധാരാളമായ നേട്ടം നൽകിയിരിക്കുന്നു. ആകയാൽ നീ നിന്റെ രക്ഷിതാവിനുവേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക. തീർച്ചയായും നിന്നോടു വിദ്വേഷം വച്ചുപുലർത്തുന്നവൻ തന്നെയാകുന്നു വാലറ്റവൻ (ഭാവിയില്ലാത്തവൻ) (ഖുർആൻ 108-ാം അദ്ധ്യായം)

മൂന്നു വാക്യങ്ങൾ മാത്രമുള്ള ഈ അദ്ധ്യായത്തിൽ ലോകത്തിൽ ഒരിടത്തും കാണാത്തതോ വായിക്കാത്തതോ ആയ എന്തു പുതുമയാണ്/ പ്രത്യേകതയാണ് ഉള്ളത്? ഈ മൂന്നു വാക്യങ്ങളിൽ കാണുന്ന ആശയങ്ങൾ, ഖുർആനിനും 600 ലധികം വർഷങ്ങൾക്കു മുമ്പ് എഴുതപ്പെട്ട ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നതാണ് വാസ്തവം.

"നിങ്ങൾ പ്രയത്നം ചെയ്യാത്ത ദേശവും നിങ്ങൾ പണിയാത്ത പട്ടണങ്ങളും ഞാൻ നിങ്ങൾക്കു തന്നു... ആകയാൽ നിങ്ങൾ യഹോവയെ ഭയപ്പെട്ടു അവനെ പരമാർത്ഥതയോടും വിശ്വസ്തതയോടും കൂടെ സേവിപ്പിൻ" എന്നു യോശുവ 24:13,14 ൽ ഉണ്ട്. മാത്രമല്ല, "ഈ ശാപങ്ങളെ ഒക്കെയും നിന്റെ ദൈവമായ യഹോവ നിന്റെ ശത്രുക്കളുടെ മേൽ... വരുത്തും" എന്നു ആവർത്തനപ്പുസ്തകം 30:7 ലും ഉണ്ട്. ഇതേ ആശയം തന്നെയാണ് ഖുർആൻ 108-ാം അദ്ധ്യായത്തിലുള്ളത്. പ്രത്യേകിച്ചൊരു പുതുമയും അവിടെ കാണാനില്ല.

**(അവസാനിച്ചു)**


# വിശ്വാസവും സ്നാനവും

**ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?**

**Revised Second Edition**

**എം. വി. സെബാസ്റ്റ്യൻ**

**104 പേജുകളുള്ള പുസ്തകം**

**ആവശ്യപ്പെടുന്നവർക്ക് സൗജന്യമായി അയച്ചുകൊടുക്കുന്നു**

REAL LIFE
KOTTEKAD, KUTTUR P. O., THRISSUR - 680 013
**Phone: 95 44 557 557**

# 27 ചോദ്യവും ഉത്തരവും

**-എംവിഎസ്-**

? *"ലേഖനമെഴുതിയത് ഏതു യൂദാ?*

**മറുപടി:**

യൂദാ എഴുതിയ ലേഖനം ഏതു യൂദാ എഴുതി എന്നതിൽ തർക്കമുണ്ട്. അപ്പൊസ്തലന്മാരിൽ ഒരുവനായ യൂദയാണോ (യോഹന്നാൻ 14:22) അതോ യേശുവിന്റെ സഹോദരനായ യൂദയാണോ (മർക്കൊസ് 6:3) എന്നതിലാണ് തർക്കം. ''യേശുവിന്റെ ദാസനും യാക്കോബിന്റെ സഹോദരനുമായ യൂദാ'' എന്നാണ് ലേഖനകാരൻ സ്വയം പരിചയപ്പെടുത്തുന്നത് (യൂദാ 1). രണ്ടു യൂദമാരുടെയും സഹോദരന്റെ പേര് യാക്കോബ് എന്നാണ് (ലൂക്കൊസ് 6:16; മർക്കൊസ് 6:3). അതിനാൽ ഇതിൽ ഏത് യൂദാ എന്ന് വിധിയെഴുതുന്നത് പ്രയാസകരമാണ്.

അപ്പൊസ്തലനായ യൂദാ ആണ് ലേഖനമെഴുതിയത് എന്നു ചിന്തിക്കുന്നവർ, മറ്റേ യൂദായേക്കാൾ മുന്നേ വിശ്വാസത്തിൽ വന്നത് അപ്പൊസ്തലനായ യൂദാ ആയതുകൊണ്ട് ഇങ്ങനെയൊരു ലേഖനമെഴുതുന്നതിന് കൂടുതൽ സാധ്യത അദ്ദേഹത്തിനാണ് എന്നു പറയുന്നു.

യേശുവിന്റെയും യാക്കോബിന്റെയും സഹോദരനായ യൂദയാണ് ഈ ലേഖനമെഴുതിയത് എന്നു ചിന്തിക്കുന്നവരുടെ വാദങ്ങൾ ഇപ്രകാരമാണ്:

(1) പാരമ്പര്യമായി അങ്ങനെ വിശ്വസിച്ചുപോരുന്നു. (2) യാക്കോബിന്റെ സഹോദരൻ എന്നു യൂദാ സ്വയം പരിചയപ്പെടുത്തുന്നു. (3) യാക്കോബിന്റെയും (1:1) യൂദയുടേയും അഭിസംബോധന ഏറെക്കുറെ ഒരുപോലെയാണ്. (4) അപ്പൊസ്തലനാണെന്നു യൂദാ പറയുന്നില്ല. (5) അപ്പൊസ്തലന്മാരിൽ താൻ ഉൾപ്പെടുന്നില്ലെന്ന സൂചന യൂദാ 17ലുണ്ട്. ഇതിൽ അഞ്ചാമത്തെ വാദം മാത്രമാണ് കഴമ്പുള്ളത്. ''നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ മുൻപറഞ്ഞ വാക്കുകളെ ഓർപ്പിൻ'' എന്നാണ് ആ വാക്യം. ഈ വാക്യത്തിന്റെ സാധാരണ വായനയിൽ, ലേഖനമെഴുതിയ യൂദാ അപ്പൊസ്തലന്മാരുടെ ഗണത്തിൽ പെടുന്നില്ലെന്നു തെളിയുന്നു.

ഒരു തർക്കത്തിനില്ല. ലേഖനമെഴുതിയ യൂദയുടെ പ്രൊഫൈൽ തപ്പി നടന്ന്, തർക്കിച്ച് സമയം കളയാതെ, നമുക്ക് ആ ലേഖനത്തിലെ ഉള്ളടക്കം പരിശോധിക്കുകയും പഠിക്കുകയും ചെയ്യുന്നതാണ് അഭികാമ്യം. ലേഖനകാരനായ യൂദയെക്കുറിച്ച് നമുക്ക് നമ്മുടെ അഭിപ്രായം പറയാം. പക്ഷേ തർക്കം ഒഴിവാക്കുന്നതാണ് നല്ലത്. ❍

# കൊച്ചുണ്ണിയുടെ ബൈബിൾവായന

എംവിഎസ്

19

## വെളിപ്പാടുപുസ്തകം!

വെളിപ്പാട്പുസ്തകം വായിച്ച് വെളിവ് നഷ്ടപ്പെട്ടവനെപ്പോലെയാണ് കൊച്ചുണ്ണിബ്രദർ അന്നു വന്നത്. കൊച്ചുണ്ണിയുടെ മുഖത്തെ അസ്വസ്ഥത കണ്ടപ്പോൾ ഇട്ടിയപ്പച്ചൻ ചോദിച്ചു:

"എന്തേ കൊച്ചുണ്ണ്യേ, നീ തലയിൽ തേങ്ങാ വീണ് കിളി പോയവനെപ്പോലെ ഇരിക്കുന്നത്? എന്തു പറ്റി?"

"രണ്ടുമൂന്നു ദിവസമായി ഞാൻ വെളിപ്പാട്പുസ്തകമാണ് വായിക്കുന്നത്. യാതൊന്നും മനസ്സിലാകുന്നില്ല. കർത്താവിന് കാര്യങ്ങൾ വ്യക്തമായി പറഞ്ഞാൽ എന്താണ് കുഴപ്പം? മഞ്ഞക്കുതിരയും, മുദ്ര പൊട്ടിക്കലും, സൂര്യനെ അണിഞ്ഞ സ്ത്രീയും... അങ്ങനെ ആകെയൊരു വശപ്പിശക്... എനിക്കു വായിച്ചിട്ട് ഒന്നും മനസ്സിലായില്ല. ഇട്ടിയപ്പച്ചന് വായിച്ച് വല്ലതും മനസ്സിലാവാറുണ്ടോ?"

കൊച്ചുണ്ണിയുടെ ആ ചോദ്യം കേട്ട് ഇട്ടിയപ്പച്ചൻ, ഇല്ല എന്ന അർത്ഥത്തിൽ തോള് കുലുക്കിക്കൊണ്ട് മൂപ്പനെ നോക്കി. മൂപ്പന് വല്ലതും മനസ്സിലാവാറുണ്ടോ എന്നാണ് ആ നോട്ടം കൊണ്ട് ഇട്ടിയപ്പച്ചൻ ഉദ്ദേശിച്ചത്.

അതു മനസ്സിലാക്കിയ മൂപ്പൻ ഇപ്രകാരം പറഞ്ഞു:

"വെളിപ്പാട്പുസ്തകം വായിച്ചിട്ടു യാതൊന്നും മനസ്സിലാകുന്നില്ല എന്നു പറയുന്നത് ശരിയല്ല. അതിൽ വായിച്ചാൽ മനസ്സിലാകുന്ന പല ഭാഗങ്ങളുമുണ്ട്."

മൂപ്പൻ ഇത്രയും പറഞ്ഞപ്പോഴേക്കും കൊച്ചുണ്ണിബ്രദർ ഇടപെട്ടു. "ഒരു ഉദാഹരണം പറയ്... വായിച്ചാൽ മനസ്സിലാകുന്നതിന് ഒരു ഉദാഹരണം പറയ്.."

മൂപ്പൻ: ആദ്യത്തെ മൂന്ന് അദ്ധ്യായങ്ങൾ വായിച്ചാൽ മനസ്സിലാക്കാൻ ബുദ്ധിമുട്ടൊന്നുമില്ല. ഇതുപോലെ 21:8 നോക്കുക. ഭീരുക്കൾ, അവിശ്വാസികൾ എന്നിങ്ങനെയുള്ളവർക്ക് ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ. അതു രണ്ടാമത്തെ മരണം എന്നു അവിടെ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. ഇതു വായിച്ചാൽ മനസ്സിലാക്കാൻ എന്താണ് ബുദ്ധിമുട്ടുള്ളത്?

"ശരിയാ... ഇതൊക്കെ വായിച്ചാൽ മനസ്സിലാകും." ഇട്ടിയപ്പച്ചൻ പറഞ്ഞു. പക്ഷേ കൊച്ചുണ്ണി യോജിപ്പില്ലാത്തവനെപ്പോലെയാണ് നിൽക്കുന്നത്.

"മനുഷ്യനു മനസ്സിലാകുന്ന ഭാഷ ഉപയോഗിച്ചാൽ എന്താണ് കുഴപ്പം?" കൊച്ചുണ്ണിയുടെ പ്രതിഷേധം അടങ്ങുന്നില്ല.

മൂപ്പൻ: രണ്ടായിരം വർഷങ്ങൾക്കു മുമ്പ് എഴുതപ്പെട്ടതാണ് വെളിപ്പാട് പുസ്തകം. പലതും മറച്ചുവച്ചും രൂപകാർത്ഥത്തിലും പറയേണ്ടത് ആവശ്യമായിരുന്നു. ഭാവിയിൽ സംഭവിക്കാൻ പോകുന്ന കാര്യങ്ങൾ തീയതിയും വർഷവും വച്ച് പറയുന്നത് ദൈവേഷ്ടമായിരുന്നില്ല.

മൂപ്പൻ തുടർന്നു: നാം ചെയ്യേണ്ടത്, നമുക്ക് മനസ്സിലായാലും ഇല്ലെങ്കിലും വെളിപ്പാട്പുസ്തകം വായിക്കണം. മറ്റുള്ളവരെ ഈ പുസ്തകം വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവനുമെല്ലാം ഭാഗ്യവാന്മാരാണെന്നു പുസ്തകത്തിന്റെ തുടക്കത്തിലേ വ്യക്തമാക്കിയിട്ടുള്ളത് അതുകൊണ്ടാണ്.

"മനസ്സിലാവാത്തത് എന്തിന് വായിക്കണം?" കൊച്ചുണ്ണിബ്രദർ വിടാൻ ഭാവമില്ല.

"മനസ്സിലായാലും ഇല്ലെങ്കിലും നാം ബൈബിളിന്റെ ഓരോ മുക്കും മൂലയും വായിക്കണം. ദൈവവചനത്തെ ബഹുമാനിക്കുന്നവരെ ദൈവം തീർച്ചയായും അനുഗ്രഹിക്കും."

"ഐത്യോപ്യക്കാരനായ ഷണ്ഡന്റെ കാര്യം നോക്കൂ. യെശയ്യാവിന്റെ പുസ്തകമാണ് അവൻ വായിച്ചിരുന്നത്. യാതൊന്നും അവന് മനസ്സിലായില്ലായെങ്കിലും അവൻ വായന തുടർന്നു. അതിലൂടെ അവൻ അനുഗ്രഹിക്കപ്പെടുകയും ചെയ്തതായി നാം അപ്പൊസ്തലപ്രവൃത്തികളിൽ കാണുന്നുണ്ടല്ലോ."

"അതു ശരിയാ... ഇട്ടിയപ്പച്ചൻ തന്റെ തീരുമാനം പറഞ്ഞു: വേദപുസ്തകം മനസ്സിലായാലും ഇല്ലെങ്കിലും ഞാൻ വായിക്കും. ഒന്നുമില്ലേലും ദൈവവചനമല്ലേ?"

"അതെ. അതാണ് നാം ചെയ്യേണ്ടത്. ഇന്നു മനസ്സിലാവാത്ത കാര്യങ്ങളുടെയെല്ലാം അർത്ഥം ഒരിക്കൽ നമുക്കു മനസ്സിലാകും." മൂപ്പൻ പറഞ്ഞു. അപ്പോഴും ഇതൊന്നും അംഗീകരിക്കാൻ മനസ്സില്ലാത്തതുപോലെ നിൽക്കുകയാണ് കൊച്ചുണ്ണിബ്രദർ.

മൂപ്പൻ തുടർന്നു: ഈ മന്ദിരം പൊളിപ്പിൻ. ഞാൻ മൂന്നു ദിവസത്തിനകം അതു പണിയും എന്നു കർത്താവ് പറഞ്ഞു. ശിഷ്യന്മാർക്ക് അത് കൃത്യമായും മനസ്സിലായില്ല. അതിന്റെ കൃത്യമായ അർത്ഥം അവർക്കു പിടികിട്ടിയത് യേശുവിന്റെ ഉയിർത്തെഴുന്നേല്പിനു ശേഷമാണെന്നു യോഹന്നാൻ 2:22 ൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ.

ഇട്ടിയപ്പച്ചൻ തലയാട്ടി. കൊച്ചുണ്ണിബ്രദറാകട്ടെ മുഖം കോട്ടി നിന്നു. വെളിപ്പാടുപുസ്തകത്തോടും ഉത്തമഗീതത്തോടുമെല്ലാമുള്ള പ്രതിഷേധം കൊച്ചുണ്ണിബ്രദർ പലപ്പോഴും പ്രകടിപ്പിച്ചിട്ടുള്ളതാണ്. തനിക്കു ദഹിക്കാത്തത് ഉൾക്കൊള്ളാൻ അദ്ദേഹം തയ്യാറല്ല.

കൊച്ചുണ്ണിയുടെ ആ നിൽപ്പ് കണ്ടപ്പോൾ ഇട്ടിയപ്പച്ചൻ ഊറിച്ചിരിച്ചു. പാവം എന്നു മനസ്സിൽ പറയുകയും ചെയ്തു. ❍

-എംവിഎസ്-

## മദ്യലഹരിയിൽ മകൻ അമ്മയെ അടിച്ചുകൊന്നു!

### (ആ അമ്മ ഒരു ദൈവപൈതലായിരുന്നു; ഞങ്ങളിലൊരാളായിരുന്നു)

2022 ജനുവരി 23 ലെ പത്രങ്ങൾ ദാരുണമായ ഒരു കൊലപാതകം നടന്നതിന്റെ വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. മദ്യലഹരിയിൽ മകൻ അമ്മയെ അടിച്ചുകൊന്നു എന്നായിരുന്നു ആ വാർത്ത. ആ അമ്മയ്ക്ക് 76 വയസ്സുണ്ടായിരുന്നു. 38 വയസ്സുള്ള, ദുഷ്ടത നിറഞ്ഞ ആ മകൻ അമ്മയെ ആദ്യം ചെടിച്ചട്ടികൊണ്ട് അടിച്ചുവീഴ്ത്തി. പിന്നീട് വീടിനു സമീപത്തെ തോട്ടിലേക്കു തള്ളിയിട്ടു.

രക്ഷപ്പെടാൻ ശ്രമിച്ച ആ വൃദ്ധയെ അവൻ ആ തോട്ടിൽ ചവിട്ടിത്താഴ്ത്തി. ആദ്യം വന്ന നാട്ടുകാരെ അവൻ അരിവാൾ വീശി വിരട്ടിയോടിച്ചു. പിന്നീട് കൂടുതൽ ആളുകൾ വന്ന് അവനെ കീഴ്പ്പെടുത്തി. അമ്മയെ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും, ശ്വാസകോശത്തിൽ ചളി നിറഞ്ഞതിനാൽ ആ സാധുവായ സ്ത്രീയെ രക്ഷിക്കാനായില്ല. വൈക്കത്താണ് ഈ സംഭവം നടന്നത്. നന്ദാകിനി എന്ന ആ അമ്മ ഈ ലോകത്തിൽനിന്നും അങ്ങനെ മാറ്റപ്പെട്ടു.

നൊന്തുപെറ്റ്, വളർത്തി വലുതാക്കി... ഒടുവിൽ ആ മകന്റെ ദുഷ്ടത മൂലം കൊല്ലപ്പെട്ട ആ സാധുവായ അമ്മയെക്കുറിച്ച് ഓർക്കുമ്പോൾ മനസ്സിലൊരു വിങ്ങൽ! വെള്ളത്തിൽ ചവിട്ടിത്താഴ്ത്തി, അതിദാരുണമായ വിധം കൊല്ലപ്പെട്ട ആ അമ്മയുടെ അവസ്ഥ, നാം ജീവിക്കുന്ന നമ്മുടെ നാടിന്റെ ദുരവസ്ഥയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

കർത്താവായ യേശുവിനെ സ്വന്തരക്ഷകനായി സ്വീകരിക്കുകയും, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേൽക്കുകയും ചെയ്ത ഒരു ദൈവപൈതലായിരുന്നു ആ അമ്മ. അവിടെയുള്ള സ്ഥലംസഭയിൽ കൃത്യമായി സംബന്ധിക്കുകയും ചെയ്യുമായിരുന്നു. ആ അമ്മയുടെ നിശ്ചലമായ ഭൗതികശരീരം ഏറ്റുവാങ്ങി സഭ ഉചിതമാം വിധം സംസ്കരിച്ചു. നീതി ലഭിക്കാതെ ദാരുണമാം വിധം കൊല്ലപ്പെട്ട ദൈവപൈതലേ, വിശ്രമിക്കുക.. വിശ്രമിക്കുക. കാഹളനാദം കേൾക്കാറായി..

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th February 2022

Posted at
Thrissur RMS

**ആനുകാലികം**

## പാലം കടക്കുവോളം....!

തിരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് യഥേഷ്ടം വാഗ്ദാനങ്ങൾ നൽകുന്നതും സർക്കാർപണം ഉപയോഗിച്ച് സൗജന്യങ്ങൾ വിതരണം ചെയ്യുന്നതും അതീവഗൗരവമുള്ള വിഷയമാണെന്നു സുപ്രീംകോടതി വ്യക്തമാക്കി.

ഇവ എങ്ങനെ നിയന്ത്രിക്കുമെന്നു അറിയേണ്ടതുണ്ടെന്നു വ്യക്തമാക്കിയ കോടതി, കേന്ദ്രസർക്കാരിനും തിരഞ്ഞെടുപ്പുകമ്മീഷനും നോട്ടീസയച്ചു. പാർട്ടികളുടെ രജിസ്ട്രേഷൻ റദ്ദാക്കുക, തിരഞ്ഞെടുപ്പു ചിഹ്നം മരവിപ്പിക്കുക തുടങ്ങിയ നടപടികൾ എടുക്കാൻ തിരഞ്ഞെടുപ്പുകമ്മീഷനോട് നിർദ്ദേശിക്കണമെന്നു ആവശ്യപ്പെട്ടു ബിജെപി നേതാവു കൂടിയായ അശ്വിനി ഉപാദ്ധ്യായ ആണ് ഹർജി നൽകിയത്.

ഇത്തരത്തിൽ സൗജന്യങ്ങൾ പ്രഖ്യാപിക്കുന്നത് രാജ്യത്തിന്റെ സ്ഥിരംബജറ്റു പരിധി കടന്നുപോകുന്നതിന് ഇടയാക്കുമെന്നും ഇക്കാര്യത്തിൽ കോടതിക്ക് എന്തു ചെയ്യാൻ പറ്റുമെന്ന കാര്യം പരിശോധിക്കാമെന്നു ചീഫ് ജസ്റ്റിസ് എൻ. വി. രമണ അദ്ധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി.

പല സംസ്ഥാനങ്ങളും വലിയ കടബാധ്യത നേരിടുമ്പോഴും സൗജന്യങ്ങൾ വാഗ്ദാനം ചെയ്തു ജനത്തെ കയ്യിലെടുക്കുന്ന കാര്യം ഹർജിക്കാരൻ ചൂണ്ടിക്കാട്ടി. (2022 ജനുവരി 26 ലെ പത്രവാർത്ത)

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V